# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5486** — **24.05.2017-ൽ മറുപടിയ്ക്ക്**

**ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്നവരുടെ ആശ്രിതർക്ക് സഹായം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സൈനിക അർദ്ധ -സൈനിക വിഭാഗങ്ങളിൽ സേവനത്തിലിരിക്കുമ്പോൾ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്നവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് ; കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന ആനുകൂല്യങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ ;<br><br>(ബി) ഇപ്രകാരം മരണമടയുന്നവരുടെ ആശ്രിതരെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ; ആയതുമായി ബന്ധപ്പെട്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | സൈനിക, അർദ്ധസൈനിക വിഭാഗങ്ങളിൽ സേവനത്തിലിരിക്കുമ്പോൾ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടെ മരണമടയുന്ന കേരളീയരുടെ ആശ്രിതർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് സംസ്ഥാന സർക്കാർ സർവ്വീസിൽ എൻട്രി കേഡറിൽ ജോലി നൽകുന്നതിനും വിദ്യാഭ്യാസം പൂർത്തിയാകാത്ത |

| | |
|---|---|
| | ഇവരുടെ കുട്ടികൾക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനായി ആവശ്യമുള്ള ധനസഹായം (സർക്കാർ സ്കൂൾ/കോളേജുകളിലെ ഫീസ് നിരക്കിൽ) നൽകുന്നതിനുമുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

(എ) നിലവിൽ യുദ്ധത്തിലോ, യുദ്ധസമാന സാഹചര്യത്തിലോ മൈൻ സ്ഫോടനത്തിലോ, ശത്രുക്കളുടെ കെണിയിൽപ്പെട്ടോ, പ്രതികൂലകാലാവസ്ഥ തുടങ്ങിയവ മൂലമോ ഓപ്പറേഷണൽ/ഫീൽഡ് ഏര്യായിൽവെച്ച് കൊല്ലപ്പെടുകയോ/കാണാതാകുകയോ ചെയ്യുന്ന ജവാൻമാർ, ഈ കാരണത്താൽ 50% ത്തിൽ കൂടുതൽ അംഗവൈകല്യം സംഭവിക്കുകയും, സിവിൽജോലി ഒന്നും ചെയ്യുന്നതിന് കഴിയില്ലായെന്ന് മിലിട്ടറി അധികാരികൾ സർട്ടിഫൈ ചെയ്ത് പ്രതിരോധസേനയിൽ നിന്നും പിരിച്ചുവിടുന്ന ജവാൻമാർ, മിലിട്ടറി ഡ്യൂട്ടിയുമായി അറ്റാച്ച് ചെയ്തിരിക്കവേ മേൽപ്രകാരം അത്യാഹിതം സംഭവിക്കുന്ന BSF, GREF എന്നിവയിലെ കേരളീയരായ അർദ്ധസൈനികരുടേയും ഒരു ആശ്രിതന്/ആശ്രിതയ്ക്ക് സംസ്ഥാന സർവ്വീസിൽ അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ക്ലാസ്സ് ത്രീ/ക്ലാസ്സ് ഫോർ, പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസിൽ ആശ്രിതനിയമനത്തിനുള്ള നിലവിലെ സർക്കാർ ഉത്തരവായ **ജി.ഒ(പി) 110/02/ജി.എ.ഡി, തീയതി: 29.04.2002** പ്രകാരം ആശ്രിതനിയമനം നൽകി വരുന്നു.

ഇതിനുപുറമേ യുദ്ധത്തിലോ, യുദ്ധസമാന സാഹചര്യങ്ങളിലോ (സൈനിക സേവനത്തിനിടയ്ക്ക്) കൊല്ലപ്പെടുന്ന, കാണാതാകുന്ന, അംഗവൈകല്യം സംഭവിക്കുന്ന പ്രതിരോധ സേനാംഗങ്ങൾക്കും, അർദ്ധസൈനികർക്കും/ആശ്രിതർക്കും ബഹു. മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധിയിൽ നിന്നും സാമ്പത്തിക സഹായം നൽകി വരുന്നു. യുദ്ധത്തിലോ, യുദ്ധസമാന സാഹചര്യത്തിലോ/Accidents during peace time conditions/circumstances of which are identical to activities during operational engagements-ലോ മരണപ്പെടുന്നവർക്ക് 10 ലക്ഷം രൂപ വരെയും, ഗുരുതരമായി പരുക്കേറ്റവർക്ക് 3 ലക്ഷം രൂപ വരെയും ധനസഹായം നൽകുന്നു. നക്സലൈറ്റ്/തീവ്രവാദി ആക്രമണങ്ങളിൽ മരണപ്പെടുകയോ, അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്ന പ്രതിരോധ/പാരാമിലിട്ടറി വിഭാഗത്തിൽപ്പെട്ട സേനാംഗങ്ങളുടെ ആശ്രിതർക്കും ഫണ്ട് ലഭ്യതയ്ക്കു വിധേയമായി ധനസസഹായം നൽകി വരുന്നു.

യുദ്ധത്തിൽ കൊല്ലപ്പെടുന്നവരുടെ / സൈനിക സേവനത്തിനിടയിൽ മരണപ്പെടുന്ന പ്രതിരോധസേനാംഗങ്ങളുടെ ആശ്രിതർക്കും, ശാരീരികാസ്വാസ്ഥ്യങ്ങൾ മൂലം സേവനം തുടരാൻ കഴിയാതെ പിരിച്ചയക്കപ്പെടുന്നവർക്കും സ്വന്തമായി വീടില്ലെങ്കിൽ നിബന്ധനകൾക്ക് വിധേയമായി ഭവന നിർമ്മാണ സഹായമായി 1 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.

ധീരതാപുരസ്ക്കാരം ലഭിക്കുന്ന സൈനിക / അർദ്ധസൈനിക സേനാംഗങ്ങളുടെ (Posthumous Awardees) ആശ്രിതർക്ക് ക്യാഷ് അവാർഡ് നൽകുന്നു.

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്നവരുടെ/അംഗവൈകല്യം സംഭവിക്കുന്ന സൈനികരുടെ ആശ്രിതർക്ക് നിലവിൽ താഴെപറയുന്ന കോഴ്സുകൾക്ക് കേരള സർക്കാർ സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| 1. | (എ) | എം.ബി.ബി.എസ് | - | 05 |
| | (ബി) | ബി.ഡി.എസ് | - | 01 |

| | | | |
|---|---|---|---|
| (സി) | എഞ്ചിനീയറിംഗ്(ഗവൺമെന്റ്/ ഗവ.നിയന്ത്രിക്കുന്ന സ്ഥാപനങ്ങൾ) | - | 07 |
| (ഡി) | ബി.എസ്.സി (ഹോണേഴ്സ്) അഗ്രിക്കൾച്ചർ | - | 01 |
| (ഇ) | ബി.വി.എസ്.സി/എ.എച്ച്. | - | 01 |
| (എഫ്) | ബി.എഫ്.എസ്.സി | - | 01 |
| (ജി) | എഞ്ചിനീയറിംഗ്(പ്രൈവറ്റ് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ) | - | 30 |

2. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്നവരുടെ/അംഗവൈകല്യം സംഭവിക്കുന്ന സൈനികരുടെ ആശ്രിതർക്ക് പ്രതിരോധമന്ത്രാലയം മുഖേനയിരം താഴെ പറയുന്ന ധനസഹായങ്ങൾ നിബന്ധനകൾക്ക് വിധേയമായി കേന്ദ്രസർക്കാർ നൽകി വരുന്നു.

3.

(എ) <u>വീട് ഉണ്ടാക്കാനുള്ള ലോണിന് പലിശയ്ക്കുള്ള സബ്സിഡി</u>:

യുദ്ധവിധവകൾ/വാർ ഡിസേബിൾഡ്/വാർബെറീവ്ഡ് Attributable to peace time casualties (ഓൾ റാങ്ക്സ്) ഇവർക്ക് പരമാവധി 1 ലക്ഷം രൂപ ഒറ്റ തവണയായി സാമ്പത്തിക സഹായം നൽകുന്നു.

(ബി) <u>വിദ്യാഭ്യാസത്തിനുള്ള ധനസഹായം.</u>

(i) ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെ - വർഷം തോറും പതിനായിരം രൂപ വീതം നൽകുന്നു.

(ii) ഒൻപത് തൊട്ട് പന്ത്രണ്ടാം ക്ലാസ്സ് വരെ - വർഷം തോറും പതിനാലായിരം രൂപ വീതം നൽകുന്നു.

(iii) ഗ്രാഡുവേഷൻ - വർഷം തോറും ഇരുപതിനായിരം രൂപ വീതം നൽകുന്നു.

(iv) പോസ്റ്റ് ഗ്രാഡുവേഷൻ - വർഷം തോറും ഇരുപത്തയ്യായിരം രൂപ വീതം നൽകുന്നു.

(v) പ്രൊഫഷണൽ കോഴ്സ് - അൻപതിനായിരം (പരമാവധി).

(vi) <u>പ്രൈം മിനിസ്റ്റർ സ്കോളർഷിപ്പ് (ഔദ്യോഗിക കൃത്യനിർവഹണത്തിനിടെ മരണമടയുന്നവരുടെ/അംഗവൈകല്യം സംഭവിക്കുന്ന സൈനികരുടെ മക്കൾക്ക് മുൻഗണന.</u> - ആൺകുട്ടികൾക്ക് രണ്ടായിരം രൂപയും, പെൺകുട്ടികൾക്ക് രണ്ടായിരത്തി ഇരുനൂറ്റി അൻപത് രൂപയും മാസം തോറും നൽകുന്നു. (പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് മാത്രം).

(സി) <u>വിധവകൾക്കുള്ള ഉപരി പഠനത്തിന്.</u>

| | | | |
|---|---|---|---|
| (i) | ഗ്രാഡുവേഷൻ | - | ഇരുപതിനായിരം രൂപ നൽകുന്നു. |
| (ii) | പോസ്റ്റ് ഗ്രാഡുവേഷൻ | - | ഇരുപത്തിഅയ്യായിരം രൂപനൽകുന്നു. |
| (iii) | പ്രൊഫഷണൽ കോഴ്സ് | - | അൻപതിനായിരം നൽകുന്നു. (പരമാവധി). |

3. (ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്നവരുടെ/അംഗവൈകല്യം സംഭവിക്കുന്ന സൈനികരുടെ ആശ്രിതർക്ക് നിലവിൽ താഴെപറയുന്ന കോഴ്സുകൾക്ക് കേന്ദ്ര സർക്കാർ സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (i) | എം.ബി.ബി.എസ് | - | 30 |
| (ii) | ബി.ഡി.എസ് | - | 01-03 |

4. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്നവരുടെ/അംഗവൈകല്യം സംഭവിക്കുന്ന സൈനികരുടെ ആശ്രിതർക്ക് നിലവിൽ താഴെപറയുന്ന ഐ.ഐ.ടി കളിൽ കേന്ദ്ര സർക്കാർ സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (i) | മുംബൈ | - | 02 |
| (ii) | ഡൽഹി | - | 02 |
| (iii) | കാൺപൂർ | - | 02 |
| (iv) | ഖരഗ്പൂർ | - | 02 |
| (vi) | മദ്രാസ് | - | 02 |
| (vii) | ബനാറസ് | - | 02 |

5. <u>റെയിൽട്രാവൽ കൺസഷൻ.</u> ഫസ്റ്റ് ക്ലാസ്സ്/സെക്കന്റ്/തേർഡ്/ചെയർകാർ(എ.സി) എന്നിവയിൽ മരണാനന്തര ബഹുമതി ലഭിക്കുന്നവരുടെ ഭാര്യക്കും, എഴുപത്തിയഞ്ചു ശതമാനം കൺസെഷൻ യുദ്ധ വിധവകൾക്കും ലഭിച്ചു വരുന്നു.

6. <u>എയർ ട്രാവൽ കൺസഷൻ.</u> അമ്പതു ശതമാനം കൺസഷൻ സ്ഥിരമായി അംഗവൈകല്യം സംഭവിച്ച ഓഫീസറിനും, എഴുപത്തിയഞ്ചു ശതമാനം കൺസഷൻ ഡൊമസ്റ്റിക് ഫ്ലൈറ്റുകളിലും, യുദ്ധ വിധവകൾക്കും ലഭിച്ചു വരുന്നു.

7. <u>ടെലിഫോൺ ഫസിലിറ്റീസ്.</u> അംഗവൈകല്യം/യുദ്ധവിധവകൾക്കും രജിസ്ട്രേഷൻ ചാർജും ഇൻസ്റ്റലേഷൻ ചാർജും അമ്പതു ശതമാനം റെന്റൽ ചാർജും ഒഴിവാക്കി വരുന്നു.

8. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്നവരുടെ/അംഗവൈകല്യം സംഭവിക്കുന്നവർക്കും സ്പെഷ്യൽ പെൻഷൻ നൽകി വരുന്നു.

9. <u>ടിപ്പർ അറ്റാച്ചമെന്റ് സ്കീം.</u> (കോൾ ലോഡിംഗ് ട്രാൻസ്പോർട്ടേഷൻ സ്കീം-വിധവകൾ/അംഗവൈല്യം സംഭവിച്ചവർ) നൽകി വരുന്നു.

10. ഓയിൽ പ്രോഡക്ട് ഏജൻസി അലോട്ട്മെന്റ്.

(ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്നവരുടെ ...ിയ. കൾക്കു) നൽകി വരുന്നു.

11. ആർമി ക്ലാസ്സ് ഫൈവ് 'ബി' സർപ്ലസ് വികൾ.

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്നവരുടെ/അംഗവൈകല്യ സംഭവിക്കുന്നവരുടെ/അംഗവൈകല്യം സംഭവിക്കുന്നവരുടെ ആശ്രിതർക്ക്) നൽകി വരുന്നു.

12. എൽ.പി.ജി. ഏജൻസി.

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്നവരുടെ/അംഗവൈകല്യം സംഭവിക്കുന്നവരുടെ ആശ്രിതർക്ക്) നൽകി വരുന്നു.

13. റീട്ടെയിൽ അലോട്ട്മെന്റ് (പെട്രോൾ/ഡീസൽ).

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ മരണമടയുന്നവരുടെ/അംഗവൈകല്യം സംഭവിക്കുന്നവരുടെ ആശ്രിതർക്ക്) നൽകി വരുന്നു.

14. കമ്പ്യൂട്ടർ ധനസഹായം (ഓഫീസർ മാത്രം).

മുപ്പത്തയ്യായിരം രൂപ നൽകുന്നു.

15. കാർ മോഡിഫിക്കേഷൻ/മോഡിഫൈഡ് ഓട്ടോ സ്കൂട്ടർ.

എഴുപത്തി അയ്യായിരം രൂപ (പരമാവധി) നൽകുന്നു.

16. വീൽ ചെയർ വിതരണം. (നൂറ് ശതമാനം അംഗവൈകല്യമുള്ളവർക്ക്).

അൻപതിനായിരം രൂപ തൊട്ട് രണ്ടേകാൽ ലക്ഷം രൂപ വരെ (കേസനുസരിച്ച്) നൽകുന്നു.

17. കുളിമുറി നവീകരണത്തിന് (നൂറു ശതമാനം അംഗവൈകല്യമുള്ളവർക്ക്).

നാൽപ്പതിനായിരം രൂപ നൽകുന്നു.

18. പെൺകുട്ടികളുടെ കല്യാണം/വിധവകളുടെകല്യാണം അല്ലെങ്കിൽ ആൺകുട്ടി/ അനാഥകുട്ടി.

ഒരു ലക്ഷം രൂപ നൽകുന്നു.

19. ഹൗസ് റിപ്പയർ ധനസഹായം. (നൂറ് ശതമാനം അംഗവൈകല്യമുള്ളവർക്ക്).

ഇരുപതിനായിരം രൂപ നൽകുന്നു.

(signature)
പൈലറ്റ് ഓഫീസർ